DT/6426/2022-A5

I/257609/2022

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ ആർ - 13) വകുപ്പ്

233/എ.ആർ.13-2/2022 /ഉഭപവ

19-11-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സർക്കാർ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികൾ/ അപേക്ഷകൾ/നിവേദനങ്ങൾ എന്നിവയ്ക്ക് യഥാസമയം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. 30.03.1985- ലെ 3461/എ2/85/P&ARD നം. സർക്കുലർ.

2.12.01.2009-ലെ 168/എ.ആർ13(2)/09/ഉഭപവ നം.സർക്കുലർ.

3.16.07.2015- ലെ 11433/എ.ആർ 13(2)/2015/ഉഭപവ നമ്പർ സർക്കുലർ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സൂചന (1)) ലെ സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിയ്ക്കുന്ന പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ച്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്നു മാസത്തിനകവും നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.സൂചന (2) പ്രകാരം കൈപ്പറ്റ് രസീതിന്റെ മാതൃകയും നൽകിയിരുന്നു.

മേൽപ്പറഞ്ഞ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും, പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാനടപടി കൈക്കൊള്ളണമെന്നും സൂചന (3) പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നിട്ടും സൂചനയിലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ലംഘിയ്ക്കുന്നുണ്ടെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ഉറപ്പു വരുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.സൂചനകളുടെ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

SEEMA S

DEPUTY SECRETARY

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Deepakumari C V

Date: 21-11-2022 14:02:57